കേരളകൗമുദി 100

2011 മേയ് 1 ഞായർ
തിരുവനന്തപുരം

# ഇൻകെൽ സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂൾസ് അങ്കമാലിയിൽ

കൊച്ചി: ഇൻഫ്രാസ്ട്രക്ചർ കേരള ലിമിറ്റഡിന്റെ ( ഇൻകെൽ)'സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂൾസ്' പദ്ധതി അങ്കമാലിയിലെ ഇൻകെൽ സിറ്റിയിൽ പ്രവർത്തനം തുടങ്ങുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന സർക്കാർ പൊതു, സ്വകാര്യ പങ്കാളിത്തത്തിൽ രൂപീകരിച്ച ഇൻകെല്ലിന്റെ ആദ്യ പദ്ധതിയാണിത്. പരിസ്ഥിതി മലിനീകരണം സൃഷ്ടിക്കാത്ത പ്രകൃതി സൗഹൃദ ബിസിനസുകൾക്കായി അടിസ്ഥാന സൗകര്യം തയ്യാറാക്കി നൽകുന്ന പദ്ധതിയാണിത്.

അങ്കമാലി ടെൽക്കിന് അടുത്തുള്ള 5.5 ഏക്കർ സ്ഥലമാണ് സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂൾസിനായി ഉപയോഗിക്കുന്നത്. ഐടി, ഐടി ഇതര വ്യവസായങ്ങൾ, ഭക്ഷ്യ സംസ്കരണം, ലൈറ്റ് എൻജിനിയറിംഗ്, ഇലക്ട്രോണിക്സ്, വെയർഹൗസിംഗ് തുടങ്ങിയ മേഖലകൾക്ക് അനുയോജ്യമാണ് പുതിയ പദ്ധതിയെന്ന് ഇൻകെൽ മാനേജിംഗ് ഡയറക്ടർ ടി. ബാലകൃഷ്ണൻ പറഞ്ഞു. അടുത്ത വർഷം മാർച്ചിൽ പദ്ധതി പൂർണ പ്രവർത്തനസജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്. വിവിധ നിക്ഷേപകരിൽ നിന്ന് സ്ഥലം തേടി അന്വേഷണങ്ങൾ ലഭിക്കുന്നുണ്ടെന്നും ബാലകൃഷ്ണൻ പറഞ്ഞു.